ആരോഗ്യവകുപ്പ് കാര്യാലയത്തിലെ

അഡീഷണൽ ഡയറക്ടർ (A & T) യുടെ നടപടിക്രമം

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീ. അക്ബർ. അലി. കെ. എസ്, ജെ. എച്ച്. ഐ ഗ്രേഡ്- 2 - 01.01.1997 മുതൽ 31.03.2000 വരെയുള്ള JHI Gr. II സീനിയോറിറ്റി പട്ടികയിലെ സ്ഥാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. സ.ഉ(സാധ)നം.2072/01/ആ.കു.വ, തീയതി. 01.08.2001

2. സ.ഉ(സാധ)നം. 2746/06/ആ.കു.വ, തീയതി. 20.09.2006

3. സ.ഉ(സാധ)നം. 2836/2011/ആ.കു.വ, തീയതി. 08.08.2011

4. ഉത്തരവ് നം. ഇ. എസ്1-14462/2015/ആ.വ.ഡ, തീയതി. 08.11.2018

5. കുറിപ്പ് നം. ഇ. ജി2-19684/2021/ആ.വ.ഡ, തീയതി. 05/2021

6. കുറിപ്പ്. നം. ഇ. ജി2-63768/2021/ആ.വ.ഡ, തീയതി. 12/2021

7. 17.12.2021 ലെ ഇതേ നമ്പർ നോട്ടീസ്

ഉത്തരവ് നം. ഇ.എസ്1/19610/2021/ആ.വ.ഡ/തീയതി : 03.01.2022

തൃശ്ശൂർ മാടവന കുടുംബാരോഗ്യ കേന്ദ്രത്തിലെ JHI Gr. II ആയ ശ്രീ. അക്ബർ അലി. കെ. എസ് 18.10.1999 -ൽ സേവനത്തിൽ പ്രവേശിച്ചെങ്കിലും പരിവീക്ഷാക്കാലം പൂർത്തിയാകുന്നതിന് മുൻപ് പരാമർശം 1, 2 & 3 ലെ ഉത്തരവുകൾ പ്രകാരം 08.08.2001 മുതൽ 07.08.2016 വരെ ശൂന്യവേതനാവധിയിൽ (Appendix 12 A) പ്രവേശിച്ചിരുന്നു. പരിവീക്ഷാക്കാലം പൂർത്തിയാകുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചിതിനാൽ ജോലിയിൽ പുനഃപ്രവേശിച്ച 08.08.2016 മുതൽ മാത്രമാണ് സീനിയോറിറ്റിക്ക് പരിഗണിക്കുക.

ആയതിനാൽ പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 ന്റെ 01.01.1997 മുതൽ 31.03.2000 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ ഭാഗം -1 ൽ റാങ്ക് നം. 125 ആയി നൽകിയിട്ടുള്ള സ്ഥാനം റദ്ദ് ചെയ്യാൻ താല്ക്കാലികമായി തീരുമാനിച്ച് പരാമർശം 6 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ യാതൊരുവിധ ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. അക്ബർ അലി. കെ. എസ്. നെ പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ 01.01.1997 മുതൽ 31.03.2000 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ ഭാഗം -1 ൽ റാങ്ക് നം. 125 ആയി നൽകിയിട്ടുള്ള സ്ഥാനം റദ്ദ് ചെയ്യാൻ താത്ക്കാലികമായി തീരുമാനിച്ച നടപടി ഇതിനാൽ സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 4 പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-

ഡോ. റീന. കെ. ജെ

ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (A&T)

പകർപ്പ്

1. ബന്ധപ്പെട്ട എല്ലാവർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സീനിയർ സൂപ്രണ്ട്, ഇ. ജി. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്